**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ്- ജീവനക്കാര്യം - പാലക്കാട് ജില്ലയിലെ മാത്തൂർ ഗ്രാമപഞ്ചായത്തിൽ പാർട്ട് ടൈം സ്വീപ്പർ ആയിരിക്കേ മരണമടഞ്ഞ ആർ. സുന്ദരേശൻ എന്നവരുടെ മകനും ആശ്രിതനുമായ ശ്രീ. അജിത് കുമാറിന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം തൊഴിൽ നൽകുന്നതിന് ആവശ്യമായ അപേക്ഷ സമർപ്പിക്കുന്നതിൽ നേരിട്ട കാലതാമസം മാപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ.(കൈ) നം.123/2018/തസ്വഭവ. തീയതി, തിരുവനന്തപുരം,11/09/2018.**

---

പരാമർശം : 1) ജി.ഒ.(പി) നം. 12/99/പി & എ ആർ.ഡി തീയതി, 24/5/1999.
2) സർക്കുലർ നം 6678/ഉപ.സി2/2004/ഉ.ഭ.പ.വ തീയതി 18/05/2004
3) ശ്രീ. അജിത് കുമാറിന്റെ 25/08/2015 ലെ അപേക്ഷ.
4) സർക്കാറിന്റെ 28/07/2017 ലെ 183/ഇപിഎ 3/തസ്വഭവ നം കത്ത്.
5) പഞ്ചായത്ത് ഡയറക്ടറുടെ 17/01/2017, 22/01/2018 എന്നീ തീയതികളിലെ ഇ 14- 32593/16 നം. കത്ത്.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ മാത്തൂർ ഗ്രാമപഞ്ചായത്തിൽ പാർട്ട് ടൈം സ്വീപ്പർ ആയിരിക്കേ മരണമടഞ്ഞ ആർ.സുന്ദരേശൻ എന്നവരുടെ മകനും ആശ്രിതനുമായ ശ്രീ. അജിത് കുമാറിന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനായി പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ മുഖേന അപേക്ഷ സമർപ്പിച്ചു

പാലക്കാട് ജില്ലയിലെ മാത്തൂർ ഗ്രാമപഞ്ചായത്തിൽ പാർട്ട് ടൈം സ്വീപ്പർ ആയിരിക്കേ 20/02/2006 ലാണ് ആർ.സുന്ദരേശൻ മരണമടഞ്ഞത്. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനായി 25.08.2015 ലാണ് ശ്രീ. അജിത് കുമാർ അപേക്ഷ സമർപ്പിച്ചത്. അപേക്ഷകന്റെ ജനനതീയതി 26.05.1994 ആണ്. 25.02.2012 ൽ 18 വയസ്സ് പൂർത്തിയായിട്ടുണ്ട്. അപേക്ഷ സമർപ്പിക്കുന്നതിന് ടിയാൾ 3 മാസത്തെ കാലതാമസം വരുത്തിയിട്ടുണ്ട്.

പരാമർശം (1) ലെ സർക്കാർ ഉത്തരവിലെ ഖണ്ഡിക 19 പ്രകാരം സർക്കാർ ഉദ്യോഗസ്ഥൻ മരണമടഞ്ഞ് 2 വർഷത്തിനകമോ അശ്രിതൻ മൈനറാണെങ്കിൽ പ്രായ പൂർത്തിയായി 3 വർഷത്തിനകമോ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള

നിയമനത്തിനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. ടി വ്യവസ്ഥ പ്രകാരം അപേക്ഷ സമർപ്പിക്കുന്നതിൽ അപേക്ഷകൻ 3 മാസകാലതാമസം വരുത്തിയിട്ടുണ്ട്. പ്രായ പൂർത്തിയായി 3 വർഷത്തിനകം അപേക്ഷ നൽകിയിരിക്കണമെന്ന വിവരം തനിക്ക് അറിയില്ലായിരുന്നുവെന്നും വീട്ടിലെ അവസ്ഥ വളരെ ശോചനീയമാണെന്നും ആയതിനാൽ അപേക്ഷ നൽകുന്നതിന് ഉണ്ടായ കാലതാമസം മാപ്പാക്കി അപേക്ഷ പരിഗണിക്കണമെന്നും അഭ്യർത്ഥിച്ച് ശ്രീ. എസ് അജിത് കുമാർ 10/03/2016 ലെ മാപ്പ് അപേക്ഷ പ്രകാരം സർക്കാരിനോട് അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും സൂചന (2) പ്രകാരം ടിയാൾ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനത്തിനായി അപേക്ഷ സമർപ്പിക്കാനുണ്ടായ 3 മാസകാലതാമസം മാനുഷിക പരിഗണന കണക്കിലെടുത്ത് ഒരു പ്രത്യേക കേസ്സായി പരിഗണിച്ച് മാപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**എസ്. മോഹൻദാസ്**
**ഗവ. അഡീഷണൽ സെക്രട്ടറി**

ശ്രീ. എസ് അജിത് കുമാർ, മായാടി കോളനി നൊച്ചുള്ളി, കുഴൽമന്ദം പി.ഒ, പാലക്കാട് ജില്ല - 678702. (രജിസ്റ്റേഡ് തപാൽ മുഖാന്തിരം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട് (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
സെക്രട്ടറി. മാത്തൂർ ഗ്രാമപഞ്ചായത്ത്, പാലക്കാട് (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ഡയറക്ടർ, ഐ.കെ.എം.(സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.(ഇപിഎ 3/183/17/തസ്വഭവ).

ഉത്തരവിൻപ്രകാരം
സെക്ഷൻ ഓഫീസർ